# Dakshina Kerala Jam-iyyathul Ulama

ജുമുഅ പ്രഭാഷണം

## "ഉപകാര-ഉപദ്രവം വരുത്തുന്നത് അല്ലാഹുമാത്രം"(14/10/16)

---

قُل لَّا أَمْلِكُ لِنَفْسِي ضَرًّا وَلَا نَفْعًا إِلَّا مَا شَاءَ اللَّهُ ۗ لِكُلِّ أُمَّةٍ أَجَلٌ ۚ إِذَا جَاءَ أَجَلُهُمْ فَلَا يَسْتَأْخِرُونَ سَاعَةً ۖ وَلَا يَسْتَقْدِمُونَ (٤٩/يونس)

തൗഹീദിനെ കുറിച്ചാണ് നാം പറഞ്ഞ് വരുന്നത്

- അല്ലാഹുവിനെ റബ്ബായി അംഗീകരിക്കുന്നവരാണ് മുസ്‌ലിംകളായ നാം. ചരിത്രത്തിൽ മനഷ്യനും അല്ലാഹുവും തമ്മിൽ ഉണ്ടാക്കിയ ആദ്യത്തെ കരാർ അല്ലാഹുവിന്റെ റബൂബിയ്യത്തുമായി ബന്ധപ്പെട്ടതാണ്.

أَلَسْتُ بِرَبِّكُمْ ۖ قَالُوا بَلَىٰ شَهِدْنَا (أعراف/١٧٢)

- മരണപ്പെട്ട് ഖബ്റിൽ എത്തിയാൽ ആദ്യം ചോദ്യം ചെയ്യപ്പെടുന്നതും റബ്ബിനെ കുറിച്ച് തന്നെ. مَن ربّك؟ .

സ്വർഗ്ഗത്തിലെ നന്ദി വചനവും ഇത് ചേർത്താണ് പറയുന്നത്.

وَآخِرُ دَعْوَاهُمْ أَنِ الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ (يونس/١٠)

ഇവ്വിധം ആലമുൽ അർവാഹ് മുതൽ സ്വർഗ്ഗം വരെ നാം റുബൂബിയ്യത്തിന്റെ പ്രഖ്യാപനം നടത്തികൊണ്ടിരിക്കുന്നു.

- എങ്കിൽ റബ്ബ് എന്നതിന്റെ താൽപര്യം എന്താണ്?. മൂന്ന് ആശയങ്ങളെ അംഗീകരിക്കലാണത്.

من رضي بالله ربا(مسلم)        رَبًّا = أي مَالكًا وسَيِّدا و متصرِّفًا (مرقَاتْ)

(=ഉടമസ്ഥൻ, വഴിപ്പെടേണ്ടവൻ, കൈകാര്യ കർത്താവ്) ഇത് മൂന്നും അല്ലാഹുവിന് വകവെച്ച് കൊടുക്കലാണ് റബൂബിയ്യത്ത് അംഗീകരിക്കൽ കൊണ്ടുള്ള ഉദ്ദേശം.

- ഇതിലെ متصرِّف (കൈകാര്യകർത്താവ്) - എന്നാൽ പ്രപഞ്ചത്തിലെ മുഴുവൻ കാര്യങ്ങളും നടത്തുന്നവൻ അല്ലാഹു ആകുന്നു എന്ന് അംഗീകരിക്കലാണ്.

- തരുന്നവനും തടയുന്നവനും അവൻ തന്നെ. അവൻ വിചാരിക്കാത്തത് നടക്കില്ല. വിചാരിച്ചാൽ തടയാനും ആരുമില്ല.

عن بنِ عَبَّاسٍ قَالَ كُنْتُ خَلْفَ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَوْمًا فَقَالَ:" وَاعْلَمْ أَنَّ الأمة لَوْ اجْتَمَعَتْ عَلَى أَنْ يَنْفَعُوكَ بِشَيْءٍ لَمْ يَنْفَعُوكَ إِلاَّ بِشَيْءٍ قَدْ كَتَبَهُ اللَّهُ لَكَ وَلَوْ اجْتَمَعُوا عَلَى أَنْ يَضُرُّوكَ بِشَيْءٍ لَمْ يَضُرُّوكَ إِلاَّ بِشَيْءٍ قَدْ كَتَبَهُ اللَّهُ عَلَيْكَ رُفِعَتْ الْأَقْلَامُ وَجَفَّتْ الصُّحُفُ" رواه الترمذي

ഇക്കാര്യം നിസ്കാരത്തിലും പ്രഖ്യാപിക്കുന്നവരാണ് നാം

اللهم لَا مَانِعَ لِمَا أَعْطَيْتَ ولا مُعْطِيَ لِمَا مَنَعْتَ

➢ എന്നാൽ അല്ലാഹു ഉപകാര-ഉപദ്രവങ്ങൾ നേരിട്ട് നടത്തുന്ന പതിവ് പുലർത്താറില്ല. ചില മാധ്യമങ്ങളെ നിമിത്തമാക്കലാണ് രീതി. ഉദാ: ഗാർ സൗറിന്റെ ചരിത്രം.

إِلَّا تَنصُرُوهُ فَقَدْ نَصَرَهُ اللَّهُ إِذْ أَخْرَجَهُ الَّذِينَ كَفَرُوا ثَانِيَ اثْنَيْنِ إِذْ هُمَا فِي الْغَارِ إِذْ يَقُولُ لِصَاحِبِهِ لَا تَحْزَنْ إِنَّ اللَّهَ مَعَنَا ۖ(توبة ٤٠)

ഇവിടെ സഹായം വന്നെത്തിയത് ചിലന്തിവലയിലൂടെയാണ്. ചിലപ്പോൾ സഹായത്തിന്റെ നിമിത്തം അമ്പിയാക്കൾ/ ഔലിയാ ക്കൾ/ മലക്കുകൾ/ വിശ്വാസികൾ/ ഒക്കെയാകാം.

إِنَّمَا وَلِيُّكُمُ اللَّهُ وَرَسُولُهُ وَالَّذِينَ آمَنُوا(مائدة ٥٥)

➢ ഉപദ്രവത്തിന്റെ അവസ്ഥയും ഇതുതന്നെ. അവൻ വിചാരിക്കാതെ ഒരു വസ്തുവും ഉപദ്രവിക്കില്ല. ഉദാ: മൂസാ നബി(അ)ന്റെ ജനനം, വളർച്ച. അദ്ദേഹം വളരാതിരിക്കാനാണ് പതിനായിരക്കണക്കിന് കുഞ്ഞുങ്ങളെ ഫറോവ കൊന്നത്. പക്ഷേ അയാളുടെ കൊട്ടാരത്തിൽ തന്നെ മൂസാ (അ) നെ അല്ലാഹു വളർത്തി അയാൾക്ക് ഒന്നും ചെയ്യാനായില്ല.

ഈ ചരിത്രത്തിന്റെ സന്ദേശം.

1. അല്ലാഹു വിചാരിക്കാതെ ആർക്കും ആരെയും നശിപ്പിക്കാൻ കഴിയില്ല.

ഇസ്‌ലാമിനെ പേടിച്ച് മുസ്‌ലിംകളെ കൊന്നൊടുക്കുന്ന ഇസ്രയേലിനും സമാന ഭരണ കൂടങ്ങൾക്കും ഇതൊരു പാഠമാകണം.

لا نافع ولا ضار إلا الله

ഈ ആശയമാണ് لاإله الاّ الله യുടെ സന്ദേശം.

2. അല്ലാഹു വിചാരിക്കുന്ന പക്ഷം ശത്രുക്കളെ കൊണ്ട് തന്നെ ഇസ്‌ലാമിനെയും മുസ്‌ലിമിനെയും നിലനിർത്തും.

NB: ജുമുഅ പ്രഭാഷണ കുറിപ്പ് എല്ലാ ചൊവ്വാഴ്ചകളിലും ലഭിക്കും (ഇ:അ)

തയ്യാറാക്കിയത്:

സി.എ. മൂസാ മൗലവി മുവാറ്റുപുഴ.

9447465648